# ജീവിതാവബോധങ്ങളും പരിസ്ഥിതിയും മലയാളത്തിലെ കടൽക്കവിതകളിൽ

കോകില പി.ഡി.
മലയാളവിഭാഗം ഗവേഷക, ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

(സംഗ്രഹം: ജലത്തെ ആശ്രയിക്കാത്ത ഒരു ജീവിതം നമുക്ക സാധ്യമല്ല. ഭൂമിയിലെ ജലത്തിന്റെ സിംഹഭാഗവും സ്ഥിതിചെയ്യുന്ന സമുദ്രം നമ്മെ പലവിധത്തിലും സ്വാധീനിക്കുന്നുണ്ട്. സമുദ്രത്തെക്കുറിച്ച് കവികൾ എഴുതിയിട്ടുണ്ടെങ്കിലും പൂർണ്ണമായും കടലിനെക്കുറിച്ച് എഴുതിയ കവികൾ ചുരുങ്ങും. കടലിനെ സംബന്ധിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ചില കവിതകളെ മുൻനിർത്തി നമ്മുടെ ജീവിതാവബോധപരവും പാരിസ്ഥിതികവുമായ ചില ചിന്തകളാണ് ഈ പ്രബന്ധം ഉൾക്കൊള്ളുന്നത്.)

## ആമുഖം

ജലം ജീവന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ്. ജീവിതത്തിന്റെ നാനാരംഗങ്ങളിലും ഇതു നമുക്കുവേണ്ടപ്പെട്ടതുതന്നെ. ഭൂമിയിലെ ജലത്തിന്റെ സിംഹഭാഗവും സമുദ്രജലമാണ്. സാഹിത്യത്തിലും ജലത്തിന്റെ സാന്നിദ്ധ്യം പലരീതിയിലും തോതുകളിലും കാണാം. കടലിന്റെ പശ്ചാത്തലത്തിൽ സാമാന്യജീവിതത്തിന്റെയും വൈയക്തികജീവിതത്തിന്റെയും നാനാമുഖങ്ങളെ അനാവരണം ചെയ്യുന്ന കവിതകൾ മലയാള സാഹിത്യരംഗത്തുണ്ടായിട്ടുണ്ട്. അത്തരം കടൽക്കവിതകളിലൂടെ ഉരുത്തിരിയുന്ന പാരിസ്ഥിതിക ജീവിതാവബോധങ്ങൾ സുപ്രധാനമാണ്.

## കവിതകളിലെ ജലചിന്തകൾ ജീവിതത്തോടു ചേർക്കുമ്പോൾ

ജീവിതത്തേയും സംസ്കാരങ്ങളേയും നിർണ്ണയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന ഘടകമാണ് ജലം. ജീവിതത്തെത്തന്നെ വലിയൊരു പ്രവാഹമായി കണക്കാക്കുമ്പോഴും നിലനില്ക്കുന്നത് നദികളുടെയും പുഴകളുടേയും പ്രവാഹതീവ്രതയാണ്. സർഗ്ഗാത്മക ആവിഷ്കാരങ്ങളിലും അനുഭൂതിഘടനകളിലും ജലത്തിന് വലിയ പ്രാധാന്യം കണ്ടെത്താം.

‘വത്സരങ്ങളാം വൻതിരമാലകൾ
മത്സരിച്ചാർത്തു മുന്നോട്ടുപായുന്ന
സങ്കടജല സമ്പൂർണ്ണമായുള്ള
വൻ കടലാകും കാലം ഭയങ്കരം!

ആളുകൾതന്റെ കണ്ണീരിനാലതിൽ
നാളുകൾതോറുമുപ്പു കലർന്നുപോയ്!' ( 2010:15)

എന്ന ഇടപ്പള്ളി രാഘവൻപിള്ളയുടെ 'കാലം' എന്ന കവിതയിലെ വരികൾ ഇതിനു ദാഹരണമാണ്. ഭയങ്കരമായ 'കാല'ത്തെ സമുദ്രത്തോടുചേർത്താണ് കവി പറയുന്നത്. ജീവിതത്തെ അതിന്റെ അംശങ്ങൾ ഒറ്റതിരിച്ചോ സാകല്യരൂപത്തിലോ, തിര്യക്കുകളിലോ അജൈവപദാർത്ഥങ്ങളിലോ മൂർത്തമോ അമൂർത്തമോ ആയവയിലോ അവയുടെ സവിശേഷതകളിലോ ആരോപിക്കാൻ കവികൾ പലപ്പോഴും പരിശ്രമിച്ചിട്ടുണ്ട്. കാവ്യഭാവനകളിൽ അത്തരമൊരു ശ്രമത്തിന് ജലവും ജലാശയങ്ങളും വൻതോതിൽ വിധേയമായിട്ടുണ്ട്. കടലും അലമാലകളും ഇത്തരത്തിൽ ആസ്വാദകമനസ്സുകളിൽ ഇടം നേടിയിട്ടുണ്ട്. വത്സരങ്ങളാണ് വലിയ തിരമാലകളായി പ്രസ്തുത കവിതയിൽ കല്പിക്കപ്പെടുന്നത്. അതിനുകാരണം തിരമാലകളുടെ അനസ്യൂതതയും ഭയാനകതയും പ്രക്ഷുബ്ധതകളും ആഘാതശേഷിയും ശബ്ദഘോഷവുമെല്ലാമാണ്. ഇത് ജീവിതത്തിന്റെ ഓരോ നിമിഷത്തേയും വൈവിദ്ധ്യത്താലും വൈരുദ്ധ്യത്താലും ബന്ധിപ്പിച്ച് മുന്നേറുന്ന സംഭവപരമ്പരകളുടെ സംഘാതത്തെ കാണിക്കുന്നു. അതിൽ സുഖത്തേക്കാളും ആനന്ദത്തേക്കാളുമേറെ നിറഞ്ഞുനില്ക്കുന്ന ദുഃഖത്തേയും ദുരന്തത്തേയും കവി കണ്ടെത്തുന്നു.

ഏറ്റിറക്കങ്ങളില്ലാതെ ഒരൊറ്റസ്ഥായിയിൽ നിലനില്ക്കുന്ന ജീവിതം ഒരൊറ്റ വ്യക്തിയ്ക്കും സാദ്ധ്യമല്ല. വിജയപരാജയങ്ങളും ഉയർച്ച താഴ്ചകളും ഉണർവ്വും തളർച്ചയും എല്ലാം അതിന്റെ ഭാഗമാണ്. അവയെ വിഭിന്ന അദ്ധ്യായങ്ങളായിക്കാണാതെ ഒന്നിന്റെ തുടർച്ചയായി ദർശിക്കാൻ ഈ അലമാലകൾ നമ്മെ പഠിപ്പിക്കുന്നു. തിരമാലകളുടെ ശൃംഗങ്ങളും ഗർത്തങ്ങളും നമ്മെ മനസ്സിലാക്കിച്ചുതരുന്ന തത്ത്വവും വിഭിന്നമല്ല. അവ സൃഷ്ടിക്കുന്ന പ്രക്ഷുബ്ധതകൾ തീവ്രവും ആഘാതശേഷിയേറിയതുമാകാം. പക്ഷേ, തിരിച്ചറിവും വീണ്ടുവിചാരവും ജീവിതം ആവശ്യപ്പെടുന്നു. കടലിലെ ഉയർന്ന ലവണാംശം ആളുകളുടെ കണ്ണീരിലെ ഉപ്പു സാന്ദ്രീകരിക്കപ്പെട്ടതാണെന്നു കവി പറയുന്നു. അത് ജീവിതംതന്നെ.

കടൽ,

'മർത്ത്യത തന്റെയോരോ പരിധിയി-
ലെത്തി മെല്ലെത്തഴുകിഗ്ഗമിക്കുന്നു!' ( ടി:15) എന്നും കവി പറയുന്നു.

## കടലും മലയാളകവികളും

തങ്ങളുടെ ചില കവിതകളിലെങ്കിലും കടലിനെ പരാമർശിക്കാത്ത കവികൾ മലയാളത്തിലില്ലെന്നുതന്നെ പറയാം പക്ഷേ, കടലിനെക്കുറിച്ചു മാത്രമായി കവിതകൾ എഴുതിയവർ ചുരുങ്ങും. 'മലയാളത്തിലെ കവികൾ ഒരിക്കലും ആഴക്കടലിൽ ഇറങ്ങുന്നില്ല. ഒരു മുക്കുവന്റെ തോണിയുമായി കുറച്ചുദൂരമെങ്കിലും സഞ്ചരിച്ചിട്ടുള്ളത് കുഞ്ഞിരാമൻ നായരും ഇടശ്ശേരിയും മാത്രമാണ്. പക്ഷേ അവരുടെ മനോഭാവങ്ങളിലെ ഊന്നൽ തികച്ചും വ്യത്യസ്തമാണ്. ഒന്ന് പ്രകൃതികേന്ദ്രിതം. മറ്റേത് മനുഷ്യകേന്ദ്രിതം. അവ എതിരിടുമ്പോൾത്തന്നെ പരസ്പരം പൂരിപ്പിക്കുകയും ചെയ്യുന്നു.... അതെ, മലയാളത്തിലെ മിക്കവാറും എല്ലാ കവികളും കടലിൽ നിന്നു കടലിനെക്കാണുകയല്ല, കരയിൽ നിന്നു കടലിനെ കാണുകയാണ്. അതിനാൽത്തന്നെ കടൽക്കരയിൽനിന്നു കാണുന്ന കടലിന്റെ വർണനാദങ്ങളും ഭാവഹാവങ്ങളുമാണ് അവർ ആവിഷ്കരിക്കുന്നത്. പലരെ സംബന്ധിച്ചും കടൽ ഒരു രൂപകം മാത്രമാണ്. അപാരതയുടെ, പ്രേമത്തിന്റെ, വിഷാദത്തിന്റെ, കാലത്തിന്റെ, ജീവിതത്തിന്റെ... രൂപകം. തങ്ങളുടെ ചിന്തകൾ, മനോഭാവങ്ങൾ, മോഹങ്ങൾ, ആകാംക്ഷകൾ ഇവയെല്ലാം അവർ കടലിൽ ആരോപിക്കുന്നു. അങ്ങനെ തങ്ങളെത്തന്നെ അവർ കടലിൽ നിറയ്ക്കുന്നു' (നാരായണൻ,

പി.എം., 2010:9). പി.എം. നാരായണൻ നടത്തുന്ന ഈ നിരീക്ഷണങ്ങൾ ശ്രദ്ധേയവും വാസ്തവവുമാണ്. കടൽ എന്നും അതിന്റെ അപാരതയാൽ മലയാളികളെ വിഭ്രമിപ്പിച്ചിരുന്നു.

'ഉറവകളിൽ പ്രകൃതി തുളുമ്പട്ടെ....'
ജലാശയങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം

ആറും പുഴകളും കായലുകളും തടാകങ്ങളും എന്നുതന്നെയല്ല കാട്ടുചോലകൾവരെ നമ്മുടെ നാടിന്റെ ജൈവപരിസ്ഥിതിയെ എന്നപോലെ ജീവിതത്തേയും ഭാവനയേയും എന്നും സ്വാധീനിച്ചിട്ടുണ്ട്. ആഗോളവ്യാപകമായി വരൾച്ചയും വെള്ളപ്പൊക്കവും പോലെയുള്ള പ്രകൃതിക്ഷോഭങ്ങളാൽ ജനം വലയുന്നു. മണ്ണ്, വായു, നീർത്തടങ്ങൾ, ആറ്, പുഴ, ചെറിയ ജലാശയങ്ങൾ എന്നിവയെപ്പോലെ സമുദ്രവും മലിനീകരണത്തിന്റെ ദുരിത മനുഭവിക്കുന്നുണ്ട്.

കുളിക്കാനിറങ്ങി ഒന്നുമുങ്ങിനിവർന്നപ്പോഴേക്കും കുളംവറ്റി മാഞ്ഞതായി കെ.ജി. ശങ്കരപ്പിള്ളയുടെ 'ചെറുതിനെ വിഴുങ്ങുന്ന വലുത്' എന്ന കവിതയിൽ പറയുന്നു. ഇവിടത്തെ കുളം അനേകം ജലസഞ്ചയങ്ങളെ പ്രതിനിധീകരിക്കുന്നു. മുങ്ങിനീർന്ന

'ഞങ്ങൾ കുതിർന്ന റൊട്ടിക്കഷ്ണങ്ങളായില്ല; പക്ഷേ,
കുളം ഒഴിഞ്ഞ പാൽപ്പാത്രമായി.
ഇമയിലും മുടിയിലും ചിരിയിലും ചുമയിലും
മൺതരികൾ പറ്റി നിന്നു.(2010: 98).

ജലം എന്ന പ്രകൃതിവിഭവത്തെ യാതൊരു വീണ്ടുവിചാരവും ആസൂത്രണവും കൂടാതെ ചെലവഴിക്കുന്നത് ഇന്ന് സാധാരണമായിരിക്കുന്നു. ഉള്ള ജലസ്രോതസ്സുകളെല്ലാം മലിനപ്പെടുന്നതിനും വറ്റിവരണ്ടുപോകുന്നതിനും പിന്നിൽ അനാസ്ഥയുടേയും നിരുത്തരവാദസമീപനത്തിന്റേയും കാണാക്കരങ്ങൾ ഉണ്ട്. രൂക്ഷമായ മണൽ വാരൽമൂലം നീരൊഴുക്ക് ഇല്ലാതായി നദി മരിച്ചുപോകുന്നതിന് ഭാരതപ്പുഴയും മാലിന്യം തള്ളൽ മൂലം നദി വിഷലിപ്തമാകുന്നതിന് ചാലിയാറും നമ്മുടെ കൺമുന്നിൽ ഉദാഹരണങ്ങളായി ഉണ്ട്. അത്രവേഗം കണ്ണിൽപ്പെടുന്നതോ തിരിച്ചറിയാനാകുന്നതോ അല്ല കടലിലുണ്ടാകുന്ന പ്രശ്നങ്ങൾ. എന്നാൽ സമുദ്രപഠിതാക്കൾക്കും അനുബന്ധവിഷയങ്ങളിലെ നിരീക്ഷകർക്കും അവയെക്കുറിച്ച് ബോധ്യമുണ്ട്. എന്നാൽ അവർ നല്കുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുന്നതിനും തങ്ങളാലാകുന്ന പ്രശ്നപരിഹാരങ്ങൾ നടപ്പിലാക്കുന്നതിനും ജനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ചെറുജലാശയങ്ങളും ജലസ്രോതസ്സുകളും വനങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുന്നതിൽനിന്നുതന്നെ ജനങ്ങൾ ഇത്തരം ശ്രമങ്ങൾ ആരംഭിക്കേണ്ടതും ജാഗ്രത കാണിക്കേണ്ടതുമാണ്. അത്തരത്തിലൊരു ശ്രമം പൊതുജനപക്ഷത്തുനിന്നും മറ്റും താരതമ്യേന കുറഞ്ഞിരിക്കുകയാണ് എന്നതാണ് കവിതകൾ സൂചിപ്പിക്കുന്നത്. മണ്ണിനേയും പുഴയേയും ചെറുജലാശയങ്ങളേയും മറ്റും സംരക്ഷിക്കണമെന്ന ബോധ്യത്തിലേക്ക് ഈയടുത്ത് ആളുകൾ ക്രമേണ വരാൻ തുടങ്ങിയിട്ടുണ്ടെന്ന കാര്യം ഏറെ ആശാവഹമാണ്. എന്നാൽ കടൽ ജലത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് അധികമാരും ഇപ്പോഴും ബോധവല്ക്കരിക്കപ്പെട്ടിട്ടില്ല എന്നതാണ് സത്യം.

'ഞങ്ങളുടെ വ്യാഖ്യാതാവ് പരിശോധിച്ചു:
നാവ് നീട്ടൂ: വരണ്ടിട്ടില്ല.
നാഡി: ഓളത്തുടിപ്പുണ്ട്.
കണ്ണ്: നനവും നീലാകാശവുമുണ്ട്.
പരിഭ്രമിക്കാനില്ല,

ഉറവകളിൽ പ്രകൃതി തുളുമ്പുന്നുണ്ട്" (ടി:98)

വ്യാഖ്യാതാവിന്റെ ഈ വാക്കുകളിൽ നിറഞ്ഞുനില്ക്കുന്നത് പ്രതീക്ഷയുടെ സ്വരമാണെന്നു നമുക്കു വ്യക്തമാകും.വരളാത്ത നാവ് ജലസംരക്ഷണത്തിന്റെ—നീർത്തട സംരക്ഷണത്തിന്റെ പ്രാധാന്യം ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നതിനു കെല്പുറ്റതാണ്. ഓളത്തുടിപ്പുള്ള നാഡി, പ്രസ്തുതാവശ്യത്തിനായി ആത്മാർത്ഥമായി പരിശ്രമിക്കാൻ ശേഷിയുള്ളതാണ്. നനവും നീലാകാശവുമുള്ള കണ്ണ് ആർദ്രതയും പ്രതീക്ഷയും വികസിതമായ ഒരു ആശയലോകത്തെ വിഭാവനം ചെയ്യാനും കൃത്യമായ വീക്ഷണത്തിലൂടെ നടപ്പിൽ വരുത്താൻ കഴിവുള്ളതുമാണ്. അപ്പോൾപ്പിന്നെ അത്തരമൊരു തിരിച്ചറിവും കിട്ടിക്കഴിഞ്ഞ ജനതയ്ക്ക് 'പരിഭ്രമിക്കാനില്ല'. അതെ, 'ഉറവകളിൽ പ്രകൃതി തുളുമ്പുന്നുണ്ട്" എന്നു തന്നെ പറയാം.

കവിയുടെ കാഴ്ചവലുതാകുന്നു. പുറംകടലിന്റെ വിപുലത ദൃശ്യമാകുന്നു. കവി പറയുന്നു:

'തുണക്കാരും തുഴക്കാരും വലക്കാരുമായി ഞങ്ങൾ
പുറംകടലിലെ മീൻകാട്ടുകളിലേക്കു പോയി.
ജലഗുഹകളും ജലശൃംഗങ്ങളും കടന്ന്
കടൽപ്പുരാണങ്ങളും രത്നത്താഴ്വരകളും കടന്ന്
വിധിപ്രകാരം ഞങ്ങൾ
ആഴക്കടലിൽ വലവീശി.
വള്ളങ്ങളിൽ മീൻ നിറഞ്ഞുകവിഞ്ഞു.
യശോധനം പോലെ കണ്ണഞ്ചിക്കുന്ന
പുറംകടൽ വിസ്തൃതിയിൽ ഞങ്ങൾ
വിജയനൃത്തമാടി.
പക്ഷേ,
തിരതിരയായി സമുദ്രം
മരുരേഖകളായി മരവിച്ച് മലച്ചു.
നിറഞ്ഞുകവിഞ്ഞ വിജയം
കഴുകന്മാർ കൊത്തിപ്പറന്നു.
ഞെട്ടിത്തരിച്ചുനിന്ന ഞങ്ങളോട്
ഞങ്ങളുടെ വ്യാഖ്യാതാവ് പറഞ്ഞു:
കടലെന്നാൽ നിങ്ങൾക്ക് മീൻമാത്രം.
വിജയമെന്നാൽ
കണ്ണഞ്ചിക്കുന്ന കീർത്തിമാത്രം.
അത് മൂലം ഈ കാഴ്ചഭ്രമം.
കാണാവുന്നകാലം മുഴുവൻ
മരുവിസ്തൃതിയാണെന്ന ഈ മണൽക്കിനാവ്.
ഇതിനിടയിൽ ഓരോരുത്തരും
സ്വന്തം ആഴക്കടൽ കണ്ടെത്തണം" ( ടി:98-99).

മത്സ്യശേഖരങ്ങളുള്ള പുറംകടലിലേക്കുപോയി വലയെറിഞ്ഞ് വളരെയധികം മത്സ്യസമ്പത്തു നേടി. എന്നാൽ സമുദ്രം തിരതിരയായി മരുരേഖകളായി മരവിച്ചു മലച്ചുപോയി. ഇക്കാലംവരെ വരദയായിരുന്ന സമുദ്രം എക്കാലവും അതേ സ്ഥിതിയിൽ തന്നെ വർത്തിക്കുമെന്ന് കണക്കുകൂട്ടിക്കൂടാ എന്ന പാഠമാണിതു നല്കുന്നത്. പല മേഖലകളിലുള്ള സംരക്ഷണം കടൽവെള്ളവും ഇതര ജലസഞ്ചയങ്ങളും ആവശ്യപ്പെടുന്നുണ്ട്. അതു നല്കാതെ അനുദിനം മലിനപ്പെടുത്തിക്കൊണ്ടിരുന്നാൽ ബഹുസമ്പദ്‌വരദയായിരിക്കുന്ന

ഇതേ സമുദ്രം അധികം വൈകാതെ തന്നെ 'മരുരേഖകളായി മരവിച്ചു മലച്ചു' പോകും എന്ന മുന്നറിയിപ്പായിക്കൂടി കവിത മാറുന്നു. ഈ അവസരത്തിൽ എണ്ണമറ്റ കടൽവിഭവങ്ങളുടെ ഉപഭോക്താവു മാത്രമായും അവയുടെ നിലനില്പിനെ ദോഷകരമായി ബാധിക്കുന്നതരത്തിൽ ചെറുതും വലുതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോട് കടൽ എന്നാൽ നിങ്ങൾക്ക് കേവലം തങ്ങൾക്കാവശ്യമുള്ള വിഭവം നല്കുക മാത്രം ചെയ്യുന്ന അനശ്വരമായ സ്രോതസ്സായി കണക്കാക്കരുതെന്നു പറയേണ്ടിവരും. അതിന്റെ സന്തുലനം കാത്തുസൂക്ഷിക്കുന്നതിന് സ്വാഭാവികമായ വീണ്ടെടുപ്പ് ഒരിക്കലും കടലിന് സാധ്യമാകുന്നതിലധികം അതിനെ ചൂഷണം ചെയ്യരുത്. അവിടെയും അനേകം ആവാസവ്യവസ്ഥകൾ പുലരുന്നുണ്ട്. ഈ കാഴ്ചപ്പാട് വ്യക്തമാക്കുന്ന കവിതയാണ് 'കടലിന്നടിയിലെ ജീവികൾ' എന്ന സച്ചിദാനന്ദന്റെ കവിത.

'കടലിന്നടിയിൽ ജീവികളുണ്ട്.
നിഴൽപോലെ കനംകുറഞ്ഞ ശരീരവുമായി
പായലുകൾക്കിടയിൽ പറ്റിക്കിടക്കുന്നവ,
കരയിലെ പൂക്കൾപോലെ പവിഴപ്പുറ്റുകൾക്കിടയിൽ
നീലക്കണ്ണുമായി വിടരുന്നവ,
ശംഖുകളെ വിവാഹം കഴിച്ച്
ശബ്ദമുണ്ടാക്കി ജീവിക്കുന്നവ,
കക്കകളെ വാഹനമാക്കി മുൾച്ചെടികൾ നിറഞ്ഞ
നാഴികകൾ താണ്ടുന്നവ (ടി:92)

എന്ന് ഈ കവിതയിൽ പറയുന്നു. ഇവയുടെ ആവാസവ്യവസ്ഥ അടിസ്ഥാനപരമായി കടൽജലത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽത്തന്നെ കടൽജലത്തിന്റെ ഗുണത ഇവയുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. മത്സ്യങ്ങൾ, പ്ലവകങ്ങൾ, കടൽ സസ്യങ്ങൾ തുടങ്ങി പല പല ജീവികളും ചേർന്നതാണ് സമുദ്രലോകം. സമുദ്രലോകത്തിന്റെ മൊത്തത്തിലുള്ള സന്തുലനം കൊണ്ടേ മനുഷ്യർക്കാവശ്യമുള്ള സമുദ്രോല്പന്നങ്ങളുടെ സുസ്ഥിതി സാദ്ധ്യമാകൂ.

### നൈസർഗ്ഗികമായ പാരിസ്ഥിതികാവബോധത്തെ പരിപോഷിപ്പിക്കാം

ഒരു കവിയ്ക്ക് കടൽ എന്താണ് എന്നു ചോദിച്ചാൽ

'തിരയൊടുങ്ങാത്ത കടലാണ്
എനിക്ക് ജീവിതം.
ഓരോ തിരയും ഓരോ
പുതുമയുള്ള കടൽക്കൗതുകങ്ങൾ' (ടി:108)

എന്നേ പറയാനാകൂ എന്ന് 'തിരകൾ' എന്ന ഗീതാഹിരണ്യന്റെ കവിത നമ്മെ പഠിപ്പിക്കുന്നു.

'കടൽക്കൗതുകങ്ങളെ കൊതിക്കുന്നവൾ
വിരൽ പത്തും വലയാക്കി,
തിരയ്ക്കു നേരെ വീശുന്നു.
കൈയിൽ തടഞ്ഞതെന്ത്?
ഉപ്പും കുളിരും
ഒരു ജലാശയം എന്നിലേക്ക്
എഴുന്നെള്ളി എന്നറിയിക്കാൻ
എനിക്ക് ബാക്കി വച്ച
നരപ്പാടുകളുമല്ലാതെ...' ( ടി:108-109).

എന്ന വരികൾ ഒരു ഭാവനാസമ്പന്നയായ, പ്രകൃതിക്കുനേരെ തുറന്നുപിടിച്ച കണ്ണും

മനസ്സുമുള്ള ഒരു കവയിത്രിയുടെ അനുഭവമായി നമുക്കു വായിക്കാം. ആത്യന്തികമായി പ്രകൃതിയോട് ഇത്തരമൊരു കൗതുകദൃഷ്ടി ആന്തരികമായുള്ളവർക്ക് അറിയാതെതന്നെ നൈസർഗ്ഗികമായ പാരിസ്ഥിതികാവബോധം ഉണ്ടാകും. അത്തരമൊരു ചെറുലാഞ്ഛന യുള്ളവരിൽ ബോധവല്ക്കരണപരിശ്രമങ്ങൾ പെട്ടെന്ന് ഫലപ്രദവും പ്രാവർത്തികവുമാകും. ഇത്തരം മനസ്സ് ഏവരിലും സൃഷ്ടിക്കാനും സ്വതഃസിദ്ധമായ അത്തരം മനസ്സ് ഉള്ളവരിൽ അതിനെ ഊട്ടിയുറപ്പിക്കാനും പരിപോഷിപ്പിക്കാനും സാഹിത്യത്തിനു വലിയ പങ്ക് വഹിക്കാനാകും. കടൽജലത്തിന്റേയും സമുദ്രആവാസവ്യവസ്ഥകളുടെയും സുസ്ഥിതിക്കായി പരിശ്രമിക്കാൻ ഇത്തരം കടൽക്കവിതകൾ മുഖേന സാധിക്കും. നിരുപാധികമായ സ്നേഹവും സംരക്ഷണവുമാണ് കടലിനോട് നമുക്കു വേണ്ടതെന്നാണ് പ്രസ്തുത കവിതയിലെ സൂചന.

### കടൽ: ചില സാമാന്യബോധങ്ങളും ആത്മപ്രചോദനത്തിന്റെ സാക്ഷ്യവും

ഏതൊരു ഭാവത്തിന്റേയും വികാരത്തിന്റേയും അങ്ങേയറ്റം കാണിക്കാൻ പല കവികളും കടലുമായി ബന്ധപ്പെടുത്താറുണ്ട്. ഉദാഹരണമായി;

'ആനന്ദസമ്പൂർണ്ണമർണവം' (ടി:31) ,
'സങ്കടജല സമ്പൂർണ്ണമായുള്ള
വൻകടലാകും കാലം ഭയങ്കരം!' (ടി:15),
'ആനന്ദപാരാവാരം' (ടി:34),
'കണ്ണീർക്കടൽ' (ടി:36)

എന്നിങ്ങനെ കണ്ടെത്താം. ഇത് കടലിന്റെ അഗാധതയും അപാരതയും വെളിവാക്കുന്നു. അത്ര വലിയതോതിലുള്ള അനുഭവമാണ് ഉണ്ടായതെന്നു കാണിക്കാൻ ശ്രമിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഒരുപക്ഷേ, സമുദ്രത്തെ സമുദ്രമാക്കുന്നത് അതിൽ ഉള്ളടങ്ങിയിരിക്കുന്ന ജലത്തിന്റെ വമ്പിച്ച സാന്നിദ്ധ്യമാണ്. അതിനുപിന്നിലേ ആഴവും അപാരതയും ഉയർന്ന ലവണാംശവും പോലും വരുന്നുള്ളൂ. 'വിപുലവും അഗാധവുമായ കടൽ നമ്മെ എന്നും ഭയപ്പെടുത്തുകയും അകറ്റി നിർത്തുകയും ചെയ്യു' (ടി: 8) എന്ന് ആമുഖത്തിൽ പി.എം. നാരായണൻ നടത്തുന്ന നിരീക്ഷണം ഇടപ്പള്ളിയുടെ 'കാലം' എന്ന കവിതയിലെ

'ശാന്തമാണെങ്കിലേറ്റമപകടം,
ശാന്തമല്ലെങ്കിലേറ്റം ഭയങ്കരം!
അത്യഗാധമാമംബുധി, നിന്നിലേ-
ക്കെത്തി നോക്കാൻ കൊതിക്കുന്നതാരുതാൻ?'(ടി:16)

എന്ന വരികൾ സമുദ്രമെന്ന നിലയിൽ എടുത്താൽ പ്രസ്തുത ചിന്തയെ പ്രത്യക്ഷത്തിൽത്തന്നെ വെളിപ്പെടുത്തുന്നു എന്നു മനസ്സിലാക്കാം. ഈ ഭയം ഏറിയകുറ് കടൽക്കവിതകളുടേയും അടിയൊഴുക്കായി വർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ കടൽ സാമാന്യ ജീവിതത്തിലും കവിതാജീവിതത്തിലും ഇടപെടുന്നുണ്ടെന്ന് സൂക്ഷ്മദൃക്കുകൾക്ക് കണ്ടെത്താനാകും. ജീവിതത്തിന്റെ പല തലങ്ങളിലും ഇത്തരം ചില കടൽസ്പർശങ്ങൾ നമ്മൾ അറിഞ്ഞും അറിയാതെയും അനുഭവിക്കുന്നുണ്ട്.

ആത്മാവിഷ്കാരത്തിന്റേയും ജീവിതാവബോധങ്ങളുടേയും സങ്കല്പങ്ങളുടേയുമെല്ലാം സമ്യക്കായ പ്രതിഫലനം കവിതകളിലുണ്ടാകും. അതിൽ കവിയിലെ വ്യക്തിചേതനയും സമൂഹചേതനയും മേളിക്കും. അത്തരത്തിലുള്ള രചനകളിൽ പ്രത്യക്ഷമോ പരോക്ഷമോ ആയി കടന്നുവരുന്ന ചിന്തകൾക്ക് അതിൽക്കവിഞ്ഞ ആകർഷകശക്തിയുണ്ടാകും. പാരിസ്ഥിതികമായ ചിന്തകളാകുമ്പോൾ അതിന്റെ മാറ്റും ധ്വനനശേഷിയും പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം കൂട്ടും. അവ അനുവാചകരിലേക്ക് എളുപ്പത്തിലും ശക്തിയിലും

സംക്രമിക്കും. അത്തരമൊരു രചനയായി വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കടൽക്കാക്ക'കളെ കണ്ടെടുക്കാം.

കവിത്വസിദ്ധിക്കു ഒരു പ്രചോദകശക്തിയായി കടൽ മാറുന്ന സംഭവം 'കടൽക്കാക്കകൾ' എന്ന കവിതയിൽ വൈലോപ്പിള്ളി പറയുന്നുണ്ട്.

'ചെല്ലച്ചിറകുവിരുത്തിക്കടലിലെ
വെള്ളക്കാക്കകൾ പാറുമ്പോൾ
അവയോടൊത്തു പറന്നു മന്മന-
മറ്റം കാണാത്താഴികളിൽ
പുതുനരജീവിതസസ്യപ്പച്ചകൾ
പുലരുവൊരത്ഭുതവേലകളിൽ.

ഉള്ളതുമൂഹിച്ചതുമെല്ലാ,മെ-
ല്ലന്തിന നെഞ്ചിലണച്ചു തദാ.
നിഭൃതമിരുന്നേൻ, പ്രകൃതീശ്വരിയുടെ
നീലവിശാലമടിത്തട്ടിൽ.

ഏതോ ശീതളപാണികൾപോൽ വ-
ന്നെന്നെത്തഴുകീ തെന്നലുകൾ
കണ്ണടയാത്തൊരു വാത്സല്യത്തിൻ
കനിവു നുകർന്നു മയങ്ങുമ്പോൾ
കാലുകുടഞ്ഞൂ വാക്കുകളില്ലാ-
ക്കവിതകളെന്നുടെ ഹൃദയത്തിൽ
പൈദാഹാർത്തവരൾച്ചെടിമേലോ
പാട്ടുകൾ കൂട്ടുചമയ്ക്കുന്നു! (2013:400-401).

ഇവിടെ വരുന്നത് ഒരു കവിയുടെ കവിത്വസിദ്ധിക്കുണർവ്വു നൽകുന്ന ഒരു പശ്ചാത്തലത്തിന്റെ അനന്യശോഭയാണ്. കാലംമാറിയപ്പോൾ ഇതേസ്ഥലത്ത് വലിയ കപ്പലുകൾ വന്നു നിരന്നു തുടങ്ങി. ഏഴുസമുദ്രങ്ങൾ താണ്ടുകയും ചുറ്റിലും എഴുപതുനാടുകൾ മേളിക്കത്തക്ക രീതിയിൽ കപ്പലുകൾ അനേകം നാടുകളിൽ സഞ്ചരിക്കുകയും വിവിധ സംസ്കാരങ്ങളോടും ജനതകളോടും ബന്ധപ്പെടുകയും അവരിൽ പലരേയും വഹിക്കുകയും ചെയ്തു. അതിലെ യാത്രികരെ കണ്ട കവിയ്ക്ക് അവരോടൊപ്പം കൂട്ടുചേർന്ന് പല കഥകൾ പറഞ്ഞിരിക്കാൻ ആഗ്രഹം തോന്നി.

'ആക്കഥയുടെ മനുഷ്യത്വ-
ത്തിന്നുൽഗതി താളമറിഞ്ഞെങ്കിൽ!' ( ടി:404)

എന്നു കവി ആശിക്കുന്നു. തുടർന്ന് കവി തിരിച്ചറിയുന്നു.

'ആ ഹൃദയങ്ങളിലൂറിത്തെളിയും
സ്നേഹമരന്ദത്തുള്ളികളും,
വീർപ്പു, വിയർപ്പും, കണ്ണീരും ദൈ-
വാർപ്പണമാമുൾക്കണ്ണീരും,
പുല്കി,ത്തെളിനീർ തൂകിത്തുകി-
പ്പുതിയ മഴക്കാറ്റൂതുമ്പോൾ
കായൽച്ചൂളമരങ്ങൾ കണക്കെൻ
കവിതകളുണ്ടതിൽ മൂളുന്നു.
കടലിലെ വെള്ളക്കാക്കകൾ പോലെൻ
കവിതകളതിലുണ്ടാർക്കുന്നു.

അവയിൽത്തേങ്ങിയലയ്ക്കുന്നു,ണ്ടേ-
ഴാഴികളോളമൊരാഹ്ലാദം!' ( ടി: 404).

ജീവിതത്തേയും കവിത്വസിദ്ധിയേയും ഒരുപോലെ ബാഹ്യമായും ആന്തരികമായും സ്വാധീനിക്കാൻ അനിതരസാധാരണമായൊരുശേഷി നല്കാൻ സമുദ്രവും അതിന്റെ പശ്ചാത്തലങ്ങളും കരുത്തുറ്റതാണെന്ന തിരിച്ചറിവ് ഇതിൽനിന്നും മനസ്സിലാക്കാം. ഓരോന്നിനേയും ദർശിക്കുന്നവിധവും താല്പര്യവും അനുസരിച്ച് പ്രതിഭാസമ്പന്നനായ ഏതൊരു വ്യക്തിയ്ക്കും പ്രചോദനഘടകങ്ങൾ കണ്ടെത്താം. വൈലോപ്പിള്ളി തന്റെ ആത്മകഥാപരമായ ഈ കവിതയിലൂടെ തന്റെ ജീവിതത്തെത്തന്നെ ആവിഷ്കരിക്കുകയാണിവിടെ. ഇതിൽ നിന്നു വെളിവാകുന്ന ഒരു കാര്യം സമുദ്രവും തീരവും ഓളപ്പരപ്പും തിരമാലകളുമെല്ലാം തന്നെ വിദഗ്ധ ചേതസ്സിൽ ചലനങ്ങൾ ഉളവാക്കാൻ പര്യാപ്തമാണെന്നാണ്.

ജീവിതദർശനത്തേയും വീക്ഷണകോണുകളേയും പുരോഗതിയിലേയ്ക്കും അടിസ്ഥാനാവശ്യങ്ങളും നിലനില്ക്കുന്ന പ്രശ്നങ്ങളും കണ്ടറിഞ്ഞ് ഗുണാത്മകമായ പുതിയ ലോകത്തേക്കു കൊണ്ടുപോകുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ സാഹിത്യത്തിനാകും. ഈ തിരിച്ചറിവിൽ സമുദ്രത്തിന്റേയും ആത്യന്തികമായി ജലത്തിന്റേയും പശ്ചാത്തലത്തിൽ പാരിസ്ഥിതിക-ജീവിതാവബോധങ്ങൾ വളർത്താൻ മലയാളത്തിലെ കടൽക്കവിതകൾ പ്രാപ്തമാണ്.

## ഉപസംഹാരം

ജീവന്റെ അടിസ്ഥാനഘടകമായ ജലം സാഹിത്യത്തിന്റെ മേഖലകളിലും നിറഞ്ഞ സാന്നിദ്ധ്യമായി കടന്നുവരുന്നുണ്ട്. എങ്കിലും ജലസംരക്ഷണം പ്രത്യേകിച്ചും സമുദ്രജലസംരക്ഷണം ഇനിയും കൂടുതൽ ബോധവല്ക്കരണങ്ങളും പരിഹാര പ്രവർത്തനങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

## ആധാരഗ്രന്ഥങ്ങൾ

1. ഗീതാഹിരണ്യൻ, 2010, നാരായണൻ, പി.എം.,(എഡി.), 'തിരകൾ', മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. നാരായണൻ, പി.എം.,(എഡി.), 2010, മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. നാരായണൻ, പി.എം.,(2010), നാരായണൻ, പി.എം.,(എഡി.), 'ആമുഖം', മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. രാഘവൻ പിള്ള, ഇടപ്പള്ളി, 2010, നാരായണൻ, പി.എം., (എഡി.), 'കാലം', മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
5. ശങ്കരപിള്ള, കെ.ജി., 2010, നാരായണൻ, പി.എം., (എഡി.) , 'ചെറുതിനെ വിഴുങ്ങുന്ന വലുത്', മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
6. ശ്രീധരമേനോൻ, വൈലോപ്പിള്ളി, (2013), 'കടൽക്കാക്കകൾ', വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, (ജന. എഡി.), എം.എൻ വിജയൻ, വാല്യം.1, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
7. സച്ചിദാനന്ദൻ, കെ., 2010, നാരായണൻ, പി.എം.,(എഡി.), 'കടലിന്നടിയിലെ ജീവികൾ', മലയാളത്തിലെ കടൽക്കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.